ത്യസമ്മേളനത്തിൽ അവതരിപ്പിച്ച ഈ പ്രബന്ധ ചർച്ചയിൽ അമേരിക്കൻ മലയാള സാഹിത്യകാരന്മാരുടെ ഒരു സംഘടന ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പലരും അഭിപ്രായപ്പെട്ടു. **അമേരിക്കൻ മലയാള സാഹിത്യ അക്കാഡമി** തന്നെ വേണമെന്നും ചിലർ അഭിപ്രായപ്പെട്ടു. അമേരിക്കൻ മലയാള സാഹിത്യം വളർത്താനും ജന്മനാട്ടിൽ മരിച്ചുകൊണ്ടിരിക്കുന്ന മലയാള ഭാഷയുടെ പുതിയ നാമ്പുകൾ അമേരിക്കൻ മണ്ണിൽ വളർത്തിയെടുക്കാനും ചരിത്രത്തിന്റെ ഭാഗമാകാനുമുള്ള ഈ വിളി അമേരിക്കയിലെ മലയാളം എഴുത്തുകാർക്ക് കേട്ടില്ലെന്ന് നടിക്കാനാവുമോ?

▲

*കുറിപ്പ്: (1994ൽ ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറത്തിന്റെയും, ഡാളസിലെ കേരള ലിറ്ററി സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ഹൂസ്റ്റണിൽ ചേർന്ന സാഹിത്യസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം)